LIBRARY ARCHIVES Kerala Legislative Assembly

ടി. കെ. എം. എഞ്ചിനീയറിംഗ് കോളേജിലെ അദ്ധ്യാപകർ

102 [685] *ശ്രീ. സി മോയിൻകുട്ടി:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ടി. കെ. എം. എഞ്ചിനീയറിംഗ് കോളേജിൽ 2001-2002 മുതൽ 2004-2005 വരെയുള്ള നാല് അദ്ധ്യയന വർഷങ്ങളിൽ വിവിധ ബ്രാഞ്ചുകളിലായി താൽക്കാലിക/സ്ഥിരം/ഗസ്റ്റ് അടിസ്ഥാനത്തിൽ എത്ര വീതം അദ്ധ്യാപകരെ നിയമിച്ചിട്ടുണ്ട്;

(ബി) ഇവരിൽ എത്ര പേരുടെ നിയമനത്തിന് യൂണിവേഴ്സിറ്റിയുടെയോ ഗവൺമെന്റിന്റെയോ അംഗീകാരം ലഭ്യമായിട്ടുണ്ട്;

(സി) ഇനിയും എത്ര പേരുടെ നിയമനങ്ങൾക്ക് അംഗീകാരം നൽകാനുണ്ട്;

(ഡി) ഇവർക്ക് അംഗീകാരം നൽകാത്തതിന്റെ കാരണം വിശദീകരിക്കാമോ;

(ഇ) നിയമനം ലഭിച്ച അദ്ധ്യാപകരിൽ കഴിഞ്ഞ ഒരു വർഷമായി ശമ്പളവും മറ്റ് ആനുകൂല്യങ്ങളും ലഭിക്കാത്തവരായി എത്രപേരുണ്ട്; ഇവർക്ക് ശമ്പളവും മറ്റും നൽകാത്തതിനെക്കുറിച്ച് അടിയന്തിരമായി അന്വേഷണം നടത്തുന്നതിനും ശമ്പളവും മറ്റും ലഭ്യമാക്കാനാവശ്യമായ നടപടികളും ഉടനെ സ്വീകരിക്കുമോ;

(എഫ്) ഇക്കാര്യം മോണിറ്റർ ചെയ്യുന്നതിനും ഇത്തരം കാലതാമസം മേലിൽ ഒഴിവാക്കുന്നതിനും ഉന്നത വിദ്യാഭ്യാസ വകുപ്പിലെയും ടെക്നിക്കൽ എഡ്യൂക്കേഷൻ ഡയറക്ടറേറ്റിലെയും ഉന്നത ഉദ്യോഗസ്ഥരെ ഉൾപ്പെടുത്തി ഒരു സെൽ രൂപീകരിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) 2001-2002 താൽക്കാലിക/സ്ഥിരം നിയമനങ്ങൾ:

ബ്രാഞ്ച്	*നിയമനം നടത്തിയത്*
സിവിൽ	6
മെക്കാനിക്കൽ	6
ഇലക്ട്രിക്കൽ	2
ഇലക്ട്രോണിക്സ്	1
കമ്പ്യൂട്ടർ സയൻസ്	4
ആകെ	19

2002-2003-ൽ നിയമനം നടത്തിയിട്ടില്ല.

ബ്രാഞ്ച്	നിയമനം നടത്തിയത്
2003-2004	
സിവിൽ	4
മെക്കാനിക്കൽ	5
ഇലക്ട്രോണിക്സ്	3
കമ്പ്യൂട്ടർ സയൻസ്	2
ജിയോളജി	1
മാത്തമാറ്റിക്സ്	3
ആകെ	18

2004-2005-ൽ നിയമനം നടത്തിയിട്ടില്ല.

(ബി) & (സി) 2001-2002-ലെ എല്ലാ ബ്രാഞ്ചിലെ നിയമനങ്ങൾക്കും അംഗീകാരം നൽകിയിട്ടുണ്ട്. യൂണിവേഴ്സിറ്റിയുടെ അംഗീകാരം കമ്പ്യൂട്ടർ സയൻസിലെ ഒരാൾക്ക് ഒഴികെ മറ്റുള്ളവർക്ക് എല്ലാം ലഭിച്ചിട്ടുണ്ട്. 2002-2003-ൽ നിയമനം നടത്തിയിട്ടില്ല. 2003-2004-ൽ നിയമിച്ച 18 നിയമനങ്ങളിൽ 10 എണ്ണത്തിന് യൂണിവേഴ്സിറ്റിയുടെ അംഗീകാരത്തിന് അയച്ചിട്ടുണ്ട്. ഒരെണ്ണം യൂണിവേഴ്സിറ്റി അംഗീകരിച്ചു. 7 എണ്ണം അംഗീകാരത്തിനായി അവശേഷിക്കുന്നു.

(ഡി) സാങ്കേതിക തടസ്സങ്ങൾ ഉണ്ട്. യൂണിവേഴ്സിറ്റിയുടെ അംഗീകാരത്തിനയച്ചത് അംഗീകരിച്ചു കിട്ടിയിട്ടില്ല.

(ഇ) നിയമനം ലഭിച്ച് നിയമനം യൂണിവേഴ്സിറ്റിയും സർക്കാരും അംഗീകരിച്ച എല്ലാവർക്കും ശമ്പളം ലഭിക്കുന്നുണ്ട്.

(എഫ്) എല്ലാവിധ സാങ്കേതിക തടസ്സങ്ങളും ഒഴിവാക്കാൻ നിയമാനുസൃതമായ നടപടികൾ സ്വീകരിക്കുന്നുണ്ട്.

ഐ. എച്ച്. ആർ. ഡി., എൽ. ബി. എസ്. എന്നീ സർക്കാർ സ്വാശ്രയ വിദ്യാഭ്യാസ സ്ഥാപനങ്ങളെ മറ്റ് സർക്കാർ വിദ്യാഭ്യാസ സ്ഥാപനങ്ങൾക്കൊപ്പം പരിഗണിക്കുന്നതിന് നടപടി

103 [686] *ശ്രീ. കെ. പി. സതീശ്ചന്ദ്രൻ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന സർക്കാരിന്റെ ഉടമസ്ഥതയിലുള്ള സ്വാശ്രയ സ്ഥാപനങ്ങളായ ഐ. എച്ച്. ആർ. ഡി.യും എൽ. ബി. എസും നടത്തിവരുന്ന വിദ്യാഭ്യാസ സ്ഥാപനങ്ങളെയും മറ്റു സർക്കാർ വിദ്യാഭ്യാസ സ്ഥാപനങ്ങളെയും തുല്യമായി പരിഗണിക്കാമെന്ന് ഉന്നത വിദ്യാഭ്യാസ വകുപ്പ് ജി.ഒ. (എം എസ്.) 91/94/8-6-1994 പ്രകാരം പുറപ്പെടുവിച്ച ഉത്തരവ് നടപ്പിലാക്കുവാൻ ഉന്നത വിദ്യാഭ്യാസ വകുപ്പ് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചത്;

LIBRARY ARCHIVES Kerala Legislative Assembly